**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2261** **14-10-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്ഥാപനങ്ങൾക്കുള്ള ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്ഥാപനങ്ങൾക്ക് 2023-24 സാമ്പത്തികവർഷം യഥാസമയം ഫണ്ട് അനുവദിക്കാത്തതുമൂലം ചെലവഴിക്കാൻ കഴിയാതെ പോയ തുക 2024-25 സാമ്പത്തികവർഷം പ്രത്യേക വിഹിതമായി അനുവദിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | എസ്.എസ്.1/23/2024/ധന നം. പരിപത്രം പ്രകാരം 2023-24 സാമ്പത്തിക വർഷാവസാനത്തിൽ ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയ ബില്ലുകൾ/ചെക്കുകൾ നടപ്പ് സാമ്പത്തിക വർഷത്തെ (2024-25) ബജറ്റ് വിഹിതത്തിൽ നിന്നും മാറി നൽകുവാൻ നിർദേശിച്ചിട്ടുണ്ട്. അപ്രകാരം മാറി നൽകുമ്പോൾ ബജറ്റ് വിഹിതം മുഴുവൻ ചെലവഴിച്ച് തീരുന്ന സാഹചര്യമുണ്ടായാൽ പ്രാദേശിക സർക്കാരുകൾക്ക് അധിക ഫണ്ട് അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിക്കുന്നതാണ്. |
| (ബി) | ഈ സാമ്പത്തിക വർഷം ട്രഷറികളിൽ ബില്ലുകൾക്ക് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നുള്ള നടപടികളുടെ ഭാഗമായി നികുതി വിഹിതത്തിലും വായ്പ അടക്കമുള്ള സർക്കാർ വരവിലും ഭീമമായ കുറവ് ഉണ്ടായിട്ടുണ്ട്. തത്ഫലമായി ഗുരുതരമായ പണഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ടി സാമ്പത്തിക ഞെരുക്കം പരിഹരിക്കുന്നതിന് വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ആയതിന്റെ ഭാഗമായി ദൈനംദിന മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും സർക്കാർ സ്വീകരിക്കുന്നുണ്ട്. മുൻകാലങ്ങളിലും ഇത് സർക്കാർ സ്വീകരിക്കുന്ന നടപടിക്രമമാണ്. അത്തരം നടപടികൾ മാത്രമേ നിലവിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ളൂ. കൂടാതെ, 5 ലക്ഷത്തിനു മുകളിലുള്ള വിതരണക്കാർ/ കോൺട്രാക്ടർ പേയ്മെന്റുകൾക്ക് നിലവിൽ സർക്കാർ ബി.ഡി.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ബി.ഡി.എസ്. സംവിധാനം മുഖേനയുള്ള scheduled dates –ലെ payments –ന് ട്രഷറി നിയന്ത്രണം ബാധകമല്ല. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് നിലവിലുള്ള നിയന്ത്രണങ്ങൾക്ക് സ്വാഭാവികമായും ഇളവുകൾ ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ